LIBRARY ARCHIVES Kerala Legislative Assembly

പോസ്റ്റ് ആവശ്യമുള്ള വൈദ്യുതി കണക്ഷന്റെ അപേക്ഷ

187 [1129] *ശ്രീ.എം. എ.വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിൽ പോസ്റ്റ് ആവശ്യമുള്ള എത്ര വൈദ്യുതി കണക്ഷൻ അപേക്ഷകൾ ഇപ്പോൾ പെൻഡിംഗിലുണ്ട്;

(ബി) ഈ അപേക്ഷകർക്ക് 2005 ഡിസംബർ 31-നു മുൻപ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-5-2005 വരെ 18819 അപേക്ഷകൾ.

(ബി) 2003 ഡിസംബർ 31 വരെ അപേക്ഷിച്ചവർക്ക് 2005 ഡിസംബർ 31-നു മുൻപ് കണക്ഷൻ നൽകുവാൻ നടപടികൾ എടുത്തുവരുന്നു. 2007-ഓടുകൂടി എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഗാർഹിക വൈദ്യുതി കണക്ഷൻ

188 [1130] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

35 മീറ്ററോ അതിൽ താഴെയോ മാത്രം സർവ്വീസ് വയർ വേണ്ടിവരുന്ന ഗാർഹിക വൈദ്യുതി കണക്ഷനുള്ള അപേക്ഷകർക്ക് പ്രത്യേക പരിഗണന നൽകി കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

30-4-2005 വരെ അപേക്ഷിച്ചിട്ടുള്ള നോർമൽ വെതർ പ്രൂഫ് സർവ്വീസ് കണക്ഷനുകൾ നൽകുവാൻ ബോർഡ് ഉത്തരവായിട്ടുണ്ട്. അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പൈങ്ങോട്ടുപുറം വെസ്റ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി

189 [1131] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പൈങ്ങോട്ടുപുറം വെസ്റ്റിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;